ഗവ. എൽ. പി. എസ്
കോന്നി

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025 - 2026

# സ്കൂൾ വിവരങ്ങൾ

റവന്യൂ ജില്ല : പത്തനംതിട്ട

സ്കൂൾ കോഡ് : 38703

സ്കൂളിന്റെ പേര് : ഗവ.എൽ.പി.എസ് കോന്നി

ഫോൺ :

ഇ-മെയിൽ : lpgs @ gmail.com

ഗ്രാമപഞ്ചായത്ത് : കോന്നി

വിദ്യാഭ്യാസ ജില്ല : പത്തനംതിട്ട

സബ്ജില്ല : കോന്നി

ക്ലാസുകൾ : പ്രീ-പ്രൈമറി മുതൽ
4-ാം ക്ലാസ് വരെ

മാനേജ്മെന്റ് : ഗവൺമെന്റ്

പഠനമാധ്യമം : മലയാളം, ഇംഗ്ലീഷ്

# ആമുഖം

കോന്നിയിലെ ആദ്യകാല വിദ്യാഭ്യാസ സ്ഥാപനമാണ് കോന്നി ഗവ. എൽ. പി. സ്കൂൾ. 1871 ൽ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ആയില്യം തിരുനാൾ മഹാരാജാവ് സ്ഥാപിച്ചതാണ് ഈ സ്കൂൾ. പിന്നീട് ആൺകുട്ടികളും വിദ്യാഭ്യാസം നടത്തിവരുന്നു. ഒരു കാലത്ത് വിദ്യാർത്ഥികളുടെ കുറവുമൂലം അടച്ചുപൂട്ടാറായ ഈ വിദ്യാലയം ഇപ്പോൾ പത്തനംതിട്ട ജില്ലയിലെ തന്നെ കുട്ടികളുടെ എണ്ണത്തിൽ മുന്നിൽ നിൽക്കുന്നു.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും കായികരംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരേയും ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസം പ്രാവർത്തികമാക്കുന്നതിനായി വൈവിധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു.

പൊതുവിദ്യാലയ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് പി.ടി.എ യുടെ ഇടപെടലും പൂർവ്വവിദ്യാർത്ഥികൾ, നാട്ടുകാർ, ജനപ്രതിനിധികൾ തുടങ്ങിയവരുടെ സഹകരണം ഉറപ്പുവരുത്തുവാൻ കഴിയുന്നു.

എല്ലാവരും മികവിലേക്ക് എന്ന ലക്ഷ്യത്തിൽ എത്തിച്ചേരാൻ അധ്യാപകശാക്തീകരണം ഉൾപ്പെടെയുള്ള നിരവധി പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി ഓരോ കുട്ടിയേയും മുന്നിൽക്കണ്ട് അവന്റെ ശേഷികളും പരിമിതികളും തിരിച്ചറിഞ്ഞ് പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ മുന്നേറാൻ സഹായിക്കുന്നു.

## ലക്ഷ്യങ്ങൾ

* ഓരോ കുട്ടിയേയും ഓരോ യൂണിറ്റായി പരിഗണിച്ചുകൊണ്ടുള്ള മാസ്റ്റർ പ്ലാൻ രൂപീകരിക്കൽ.
* മതനിരപേക്ഷ ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ നിന്നും സമുന്നതമായ വിദ്യാഭ്യാസം സമസ്ത ജ്ഞാനവിഭാഗങ്ങൾക്കും ഉറപ്പു-വരുത്തുക.
* അക്കാദമിക മികവിന് ഉതകുന്ന വിധത്തിൽ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
* പ്രീ-പ്രൈമറി മുതൽ 4-ാം ക്ലാസ് വരെ വിഷയാധിഷ്ഠിത പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടർ രൂപപ്പെടുത്തൽ
* സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കൽ.

## അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

### വികസനലക്ഷ്യങ്ങൾ

* ഭാഷാശേഷി വികസനം
* ഗണിതശേഷി വികസനം
* ഇംഗ്ലീഷ് പഠനം അനായാസകരമാക്കൽ
* ശാസ്ത്രബോധന പരിപാടി
* സ്കോളർഷിപ്പ് പരീക്ഷ പരിശീലനം
* പഠനയാത്രകൾ
* കലാപ്രവൃത്തി പരിചയ പരിശീലനം
* ഗവേഷണാത്മക പഠനം
* വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തൽ
* ലഹരിക്കെതിരെയുള്ള ബോധവൽക്കരണം.
* ഉൾച്ചേർന്ന വിദ്യാഭ്യാസം
* Zumba പരിശീലനം
* വിദ്യാരംഗം (സാഹിത്യശില്പശാല സംഘടിപ്പിക്കൽ)
* ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ.
* Health Corner (ആരോഗ്യ പരിപാലനം)
* Healthy kids (സമഗ്ര കായിക പരിപോഷണം)
* മോക്ക് പാർലമെന്റ്.

## ഉപമേഖല - വിദ്യാഭ്യാസം

## പ്രവർത്തനം - ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഭാഷയിൽ എഴുത്തും വായന ആശയങ്ങൾ ശേഷി വികസനം.<br>2. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1 അക്ഷരം ഉറപ്പിക്കൽ<br>2 ചിഹ്നം ഉറപ്പിക്കൽ<br>3 പദനിർമ്മാണം<br>4 വാക്യനിർമ്മാണം<br>5 ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ്<br>6. സംയുക്ത[illegible] ഡയറികൾ | 1 വർഷം | ക്ലാസ് ടീച്ചർ<br>SRG | |
| എല്ലാ കുട്ടികളെയും സ്വതന്ത്രവായനക്കാരാക്കുക. | 1. ക്ലാസ് വായനാമൂലം ഒരുക്കൽ<br>2. ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>3. നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ<br>4. റീഡിംഗ് റൂം 5. വായനോത്സവം<br>6. പത്രവായന 7. പഠനക്കൂട്ടങ്ങൾ | 1 വർഷം | വിദ്യാരംഗം<br>SRG | PTA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗശേഷി വികാസം | വിദ്യാരംഗം പരിപാടികൾ<br>സാഹിത്യ ക്വിസ്<br>രചനാശില്പശാല<br>(കവിത, കഥ)<br>കവിതാലാപന മത്സരം<br>ക്ലാസ്തല, സ്കൂൾതല പത്രം പ്രസിദ്ധീകരിക്കൽ<br>പുസ്തക ചർച്ച, പുസ്തകാസ്വാദനം<br>ഇ-വായന, സാഹിത്യകാരന്മാരുമായി സംവദിക്കൽ. അമ്മമാർക്കൊരു പുസ്തകം (വീടുകളിലേക്ക് കുട്ടികൾ വഴി) | | HM<br>SRG<br>CPTA | |
| പാഠഭാഗവുമായി ബന്ധപ്പെട്ട് കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം സ്കൂളിലേക്ക് കൊണ്ടുവരണം. ബന്ധപ്പെട്ട ഉപകരണങ്ങൾ പ്രദർശനം. | | | |

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം
പ്രവർത്തനം : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായന, എഴുത്ത് ആശയവിനിമയ ശേഷി വികസനം | ഇംഗ്ലീഷ് അസംബ്ലി<br>ഇംഗ്ലീഷ് ഡയറി<br>സ്പെല്ലിംഗ് കോമ്പറ്റീഷൻ<br>News Reading | 1 വർഷം | class tr | |
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മകശേഷി വികസനം | പാഠഭാഗങ്ങളെ വിവിധ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരിപ്പിക്കുന്നു. (Poem, skit, story, role-play, Debates, Conversation etc<br>Radio Mango അവതരണം<br>Experimental language<br>Readers theatre | 1 year | class tr | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|
| [illegible] | "Know your English Better"<br>English Dictionary<br>Reading Books<br>Collect and read past tense<br>Word web. word chain<br>Make words and sentences<br>Make riddles<br>Add more lines. Exhibition<br>To express thoughts feelings<br>use ICT | 1 year | English Tr<br>Class Tr | |

# ഉപമേഖല - ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഗണിതം ലളിതമാക്കൽ. സംഖ്യാബോധം. ജ്യാമിതി, സംഖ്യാ-വ്യാഖ്യാനം എന്നിവയിൽ പ്രാവീണ്യം നൽകൽ. | ഗണിതലാബിന്റെ ഫല-പ്രദമായ വിനിയോഗം. ജ്യാമിതീയ രൂപങ്ങൾ പരി-ചയപ്പെടൽ, മോഡലുകൾ നിർമ്മാണം, സ്ഥാനവില ബോർഡ്. സംഖ്യാചാർട്ട് അളവുകൾക്ക് ഉപകരണങ്ങൾ നിരീക്ഷിക്കൽ. etc. | | | |
| നിത്യജീവിതത്തിലെ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | * ഗണിത കേളികൾ<br>* ബാങ്ക് ഇടപാടുകൾ പരിചയപ്പെടുത്തൽ | | | |

| ഉദ്ദേശം | പ്രവർത്തനം | സമയം | ചുമതല | സൗകര്യങ്ങൾ |
| --- | --- | --- | --- | --- |
| | ഗണിത ക്വിസ്സ് | ജനുവരി ആദ്യം | | |
| | ഗണിത ലാബ് | | | |
| | ഗണിത നാടകം | February March | | |
| | ഗണിത മാഗസിൻ പ്രകാശനം | March | | |
| ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | ഉല്ലാസ ഗണിതം.<br>ഗണിതം മധുരം<br>ഗണിത വിജയം<br>മഞ്ചാടി, ഗണിതശാസ്ത്രം.<br>ഗണിത ക്ലബ്ബിന്റെ നേതൃത്വത്തിൽ വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു. | | ഗണിത ക്ലബ്ബ്. | |

പ്രവർത്തന പദ്ധതി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാക്ഷ്യം |
|---|---|---|---|---|
| 1. ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക. | * ലഘു പരീക്ഷണങ്ങൾ<br>* ശാസ്ത്രമേളകളിലെ പങ്കാളിത്തം നൽകൽ.<br>* ഗവേഷണാത്മക പഠനം (സർവ്വേ, അഭിമുഖം, നിരീക്ഷണം, ആസൂ. പരീക്ഷണം നിഗമനം.) | | class ടീ | |
| 2. പരിസ്ഥിതി സംരക്ഷണ മനോഭാവം വളർത്തിയെടുക്കുക. | * ഫീൽഡ് ട്രിപ്പ്<br>* ഉദ്യാന പരിപാലനം<br>* അടുക്കളത്തോട്ടം<br>* പരിസരനടത്തം<br>* പോസ്റ്ററുകൾ, പതിപ്പ്, മാസിക. ബോധവത്കരണ ക്ലാസുകൾ | 1 വർഷം. | | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവൃത്തി പരിചയ പ്രവർത്തനങ്ങളിൽ മികവുറ്റതാക്കൽ | കുട്ടികൾക്ക് പ്രവൃത്തി പരിചയത്തിൽ പരിശീലനം നൽകുന്നു. ഇതിനായി വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തുന്നു. (ഒറിഗാമി, puppet, etc) | 1 വർഷം | ക്ലബ്ബ് കൺവീനർ | PTA |
| ഉപജില്ല - ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ | | | | |
| ലക്ഷ്യം. | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| പ്രത്യേക ദിനങ്ങളുടെ പ്രാധാന്യം മനസ്സിലാക്കൽ. | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠനപ്രവർത്തനമായി സംഘടിപ്പിക്കൽ. | June to March | SRG | PTA |

# <u>കല. കായിക. ആരോഗ്യ വിദ്യാഭ്യാസം.</u>

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം. |
| --- | --- | --- | --- | --- |
| 1. കുട്ടികളുടെ സർഗ്ഗവാസനകളെ പ്രോത്സാഹിപ്പിക്കാൻ | * സംഗീതം, നൃത്തം, യോഗ എന്നിവയ്ക്ക് പരിശീലനം നൽകൽ.<br>* സർഗ്ഗവേള<br>* വിദ്യാരംഗം | വിദ്യാരംഗം കൺവീനർ. | | |
| 2. കുട്ടികളുടെ കായിക സാക്ഷരത ഉറപ്പു വരുത്താൻ | * കായികമേള സംഘടിപ്പിക്കൽ.<br>* കുട്ടികളിൽ ഏർപ്പെടുത്തൽ.<br>* Zumba പരിശീലനം.<br>* | class teacher. | 1year. | PTA |
| 3. കുട്ടികളുടെ ആരോഗ്യ പരിപാലനം ലക്ഷ്യമിടുന്നു. | * ആരോഗ്യ കാർഡ്<br>* Health corner.<br>* ആരോഗ്യബോധവൽക്കരണ ക്ലാസ് | Health mentor | 1year. | |

## ഉപമേഖല - ലോക് പാർലമെന്റ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സഹായം |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ. | തിരഞ്ഞെടുപ്പ് വിജ്ഞാപനം. നാമനിർദേശ പത്രിക സ്വീകരിക്കൽ സൂക്ഷ്മപരിശോധന, പിൻവലിക്കൽ വോട്ടെടുപ്പ്. വോട്ടെണ്ണൽ, ഫലപ്രഖ്യാപനം, സ്കൂൾ പാർലമെന്റ് രൂപീകരണം. | July | S.S club | PTA |

## ഉപമേഖല - പഠനയാത്ര

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സഹായം |
|---|---|---|---|---|
| ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കൽ, പ്രാധാന്യം മനസ്സിലാക്കൽ. | സന്ദർശിച്ച സ്ഥലങ്ങളുടെ റിപ്പോർട്ട് തയ്യാറാക്കൽ. | ഡിസംബർ | SRG S.S club | PTA |

## ഉൾച്ചേർന്ന വിദ്യാഭ്യാസം [Inclusive Education]

| ലക്ഷ്യം. | പ്രവർത്തനം | ചുമതല | കാലം. | സാമ്പത്തികം. |
|---|---|---|---|---|
| 1. ഭിന്നശേഷി സൗഹൃദ വിദ്യാലയം. | * പ്രത്യേക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ.<br>* ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ടി ക്ലാസിൽ ഒരു Buddy - യെ നിയമിക്കുന്നു.<br>* ആവശ്യമായ ഉപകരണങ്ങൾ നൽകുന്നു.<br>* Special Educator - ന്റെ സഹായം ഉറപ്പുവരുത്തുന്നു.<br>* ഇത്തരം കുട്ടികൾക്കാവശ്യമായ ഉപകരണങ്ങൾ (hearing aids etc.. ലഭ്യമാക്കൽ. | | | |

## സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മികച്ച പരിശീലന- ത്തോടെ LSS സ്കോളർ- ഷിപ്പ് ലഭ്യമാക്കൽ. | * വിശകലനം ചെയ്യുന്ന ചോദ്യങ്ങൾ നൽകുന്നു. <br> * മാതൃകാ പരീക്ഷകൾ | | 4th class ടീ. SRG | |

## ഭാഷകളിലേക്ക് (പരിശീലനത്തിലൂടെ..)

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ഭാഷ- കളുടെ ലോകത്തേക്ക് കുട്ടികൾക്ക് ഭാഷ- യിലേക്ക് നയിക്കൽ. | * പരിശീലനത്തിലൂടെ ആശയവിനിമയത്തിനുള്ള <br> * വിവിധ ചിത്രങ്ങൾ <br> * പോസ്റ്റർ രചന <br> * നാടകം. <br> * അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പങ്കാളിത്തത്തോടെ ഉള്ള പരിശീലനം. | Teachers. | 1 വർഷം. | |

## ഉപസംഹാരം

കോന്നി ഗവ. എൽ.പി. സ്കൂളിന്റെ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വ്യക്തമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടികളുടെ സർവതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്.

പല പ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കുമെന്ന ഉത്തമ വിശ്വാസമാണ് ഞങ്ങൾക്കുള്ളത്.